**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4782** **11-08-2021 - ൽ മറുപടിയ്ക്ക്**

**പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം/ ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപെടുത്തിയിട്ടുണ്ടോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ ലാസ്റ്റ്ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) | പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരുടെ നിയമന രീതിയും പ്രമോഷനും എങ്ങനെയെന്ന് വിശദീകരിക്കാമോ? | (ബി) | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനം പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ചട്ടം 3 പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നേരിട്ടാണ് നടത്തുന്നത്. പാർട്ട് ടൈം ജീവനക്കാർക്ക് അതത് ഫുൾ ടൈം തസ്തികകളിലേക്ക് പ്രൊമോഷന് അർഹതയുണ്ട്. ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും പ്രമോഷൻ വഴിയോ ഇത്തരത്തിൽ യോഗ്യതയുള്ളവരില്ലാത്ത പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നേരിട്ടോ ആണ് നിയമിക്കുന്നത്. ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ടെലഫോൺ കം കമ്പ്യൂട്ടർ കം ഫോട്ടോകോപ്പിയർ ക്ലീനർ, ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപറേറ്റർ ,ട്രാഫിക് വാർഡൻ, സ്റ്റോർ അറ്റൻഡന്റ്, കോൺഫെറൻസ് ഹാൾ വാച്ച് മാൻ എന്നീ തസ്തികകളിലേക്ക് നിയമനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ